"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ദേവ-ബി2/142/2025-റവ
റവന്യൂ (ദേവസ്വം ബി) വകുപ്പ്
e-mail : devaswomb@gmail.com
PH : 0471-2517374
തിരുവനന്തപുരം
തീയതി: 03-09-2025

<u>സർക്കുലർ</u>

വിഷയം:- റവന്യൂ (ദേവസ്വം ബി) വകുപ്പ് - ക്ഷേത്രോത്സവങ്ങളുമായി ബന്ധപ്പെട്ട് ക്ഷേത്രങ്ങളിലും ക്ഷേത്രപരിസരങ്ങളിലും കൊടിതോരണങ്ങളും ചിത്രങ്ങളും പ്രദർശിപ്പിക്കുന്നതിൽ പാലിക്കേണ്ട മാനദണ്ഡങ്ങൾ - സംബന്ധിച്ച്

സൂചന:-

1. WP(C) No.4729/2023 നമ്പർ ഹർജിയിന്മേൽ 14.02.2023 തീയതിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.
2. WP(C) No.18621/2023 നമ്പർ ഹർജിയിന്മേൽ 07.08.2023 തീയതിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.
3. WP(C) No.10154/2023 നമ്പർ ഹർജിയിന്മേൽ 18.10.2023 തീയതിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.
4. WP(C) No.12417/2023 നമ്പർ ഹർജിയിന്മേൽ 27.06.2023 തീയതിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.
5. DBP No.114/2023 നമ്പർ ഹർജിയിന്മേൽ 14.12.2023 തീയതിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.
6. WP(C) No.10893 of 2025 നമ്പർ ഹർജിയിന്മേൽ 03.04.2025 തീയതിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.
7. WP(C) No.22750/2018 നമ്പർ കേസും അനുബന്ധകേസുകളും പരിഗണിച്ചുകൊണ്ട് ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 18.12.2024, 13.03.2025 തീയതികളിലെ വിധിന്യായം പരിഗണിച്ച് തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ് 07.01.2025 തീയതിയിൽ പുറപ്പെടുവിച്ച ആർ.സി./262/2022/ത.സ്വ.ഭ.വ നമ്പർ സർക്കുലർ.
8. ഉത്സവവുമായി ബന്ധപ്പെട്ട് പാലിക്കേണ്ട മാനദണ്ഡങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച് റവന്യൂ (ദേവസ്വം) വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ദേവസ്വം ബോർഡ് മേധാവികളുമായി 29.04.2025 തീയതിയിൽ ചേർന്ന യോഗതീരുമാനം.

സംസ്ഥാനത്തെ ക്ഷേത്രങ്ങളിൽ പാലിക്കേണ്ട പൊതുമര്യാദകളെക്കുറിച്ചും മതസാമുദായിക രാഷ്ട്രീയ നിരപേക്ഷതയോടെ ക്ഷേത്രോത്സവങ്ങൾ ആഘോഷിക്കുന്നതിനുമായി ബഹു.

ഹൈക്കോടതി സൂചന (1) മുതൽ സൂചന (6) വരെ വിവിധ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിലും, പൊതുനിരത്തുകളിൽ കൊടിതോരണങ്ങൾ, ബാനറുകൾ, ഫ്ലക്സുകൾ നീക്കം ചെയ്യുന്നത് സംബന്ധിച്ചുള്ള ബഹു. ഹൈക്കോടതിയുടെ സൂചന (6) വിധിന്യായം പരിഗണിച്ച് തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ് പുറപ്പെടുവിച്ച ആർ.സി/262/2022/ത.സ്വ.ഭ.വ നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിലും, സൂചന (7) യോഗ തീരുമാന പ്രകാരം ക്ഷേത്രങ്ങളിലെ ഉത്സവങ്ങളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പൊതുമാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുന്നു:

- ക്ഷേത്രങ്ങളിലും ക്ഷേത്രപരിസരങ്ങളിലും രാഷ്ട്രീയ സംഘടനകളുടെ ചിഹ്നമോ, അടയാളമോ, കൊടിയോ, തോരണങ്ങളോ, ഏകവർണ്ണപതാകയോ, വ്യക്തികളുടെയോ ബന്ധപ്പെട്ട പ്രസ്ഥാനങ്ങളുടെയോ ചിത്രമോ, രൂപസാദൃശ്യങ്ങളോ മത സാമുദായിക സ്പർദ്ധ വളർത്തുന്ന പ്രചാരണ ഉപാധികളോ ഒന്നും തന്നെ പ്രദർശിപ്പിക്കാൻ പാടില്ലാത്തതാണ്.
- ഉത്സവസമയങ്ങളിൽ ആയത് പ്രത്യേകം ഉറപ്പുവരുത്തേണ്ടതാണ്.
- തൃശ്ശൂർ തേക്കിൻകാട് മൈതാനം പോലുള്ള പൊതുപരിപാടികൾക്ക് താൽക്കാലികമായി വാടകയ്ക്ക് നൽകുന്ന, ക്ഷേത്രച്ചുറ്റമതിലിന് പുറത്തുള്ളതും ക്ഷേത്ര ഉടമസ്ഥതയിലുള്ളതുമായ ഭൂമിയിലോ, കെട്ടിടങ്ങളിലോ അതത് ദേവസ്വം കമ്മീഷണർ/അഡ്മിനിസ്ട്രേറ്റർമാരുടെ പ്രത്യേക അനുമതിയോടുകൂടി മാത്രമേ താൽക്കാലികമായി കൊടിയോ തോരണങ്ങളോ പ്രദർശിപ്പിക്കുവാൻ പാടുള്ളൂ.
- സർക്കുലർ പുറപ്പെടുവിച്ച് 45 ദിവസത്തിനകം ക്ഷേത്രയിടങ്ങളിൽ നിർദ്ദേശങ്ങൾ പൊതുജനങ്ങൾക്ക് വ്യക്തമായി ദൃശ്യമാകുന്ന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ മാനദണ്ഡങ്ങൾ സംസ്ഥാനത്തെ ദേവസ്വം ബോർഡുകളുടെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങൾക്കും സർക്കാരിൻറെ സാമ്പത്തികസഹായം കൈപ്പറ്റുന്ന ക്ഷേത്രങ്ങൾക്കും ബാധകമായിരിക്കും.

എം ജി രാജമാണിക്കം
സെക്രട്ടറി

പകർപ്പ്

പ്രസിഡൻറ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്, തിരുവനന്തപുരം
പ്രസിഡൻറ്, കൊച്ചിൻ ദേവസ്വം ബോർഡ്, തൃശ്ശൂർ
ചെയർമാൻ, ഗുരുവായൂർ ദേവസ്വം മാനേജിങ് കമ്മിറ്റി, ഗുരുവായൂർ
ചെയർമാൻ, കൂടൽമാണിക്യം ദേവസ്വം മാനേജിംഗ് കമ്മിറ്റി, ഇരിങ്ങാലക്കുട
കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, തിരുവനന്തപുരം
കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ്, തൃശ്ശൂർ
കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്, കോഴിക്കോട്
അഡ്മിനിസ്ട്രേറ്റർ, ഗുരുവായൂർ ദേവസ്വം മാനേജിങ് കമ്മിറ്റി, ഗുരുവായൂർ
അഡ്മിനിസ്ട്രേറ്റർ, കൂടൽമാണിക്യം ദേവസ്വം മാനേജിങ് കമ്മിറ്റി, ഇരിങ്ങാലക്കുട

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ജില്ലാ കളക്ടർമാർ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Rajeesh K R
Date: 09-09-2025 10:17:56
സെക്ഷൻ ഓഫീസർ.